# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *170 — 01/02/2018-ൽ മറുപടി

## ജലസമ്പത്ത് അനധികൃതമായി കടത്തുന്നത് തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കേരളത്തിന്റെ ജലസമ്പത്ത് അന്യ സംസ്ഥാനങ്ങളിലേയ്ക്ക് അനധികൃതമായി കടത്തുന്നത് പരിശോധിക്കാൻ നിയോഗിക്കപ്പെട്ട ഐ.എസ്.ഡബ്ല്യൂ വിജിലൻസ് കോഓർഡിനേറ്ററും അതത് നദീതടങ്ങളുടെ ചുമതലയുള്ള വിജിലൻസ് ഓഫീസർമാരായ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; | എ) ഉണ്ട് |
| ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ബി) കേരളത്തിന്റെ ജലസമ്പത്ത് അന്യസംസ്ഥാനങ്ങളിലേയ്ക്ക് അനധികൃതമായി കടത്തുന്നത് പരിശോധിക്കാൻ നിയോഗിക്കപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നൽകുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് 2017 നവംബർ വരെയുള്ള റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 06/12/2017 ന് കൂടിയ സബ്ജക്ട് കമ്മിറ്റിയിൽ ചാലിയാർ നദീതടത്തിൽ അനധികൃതമായി ജലം കടത്തുന്നു എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ ചാലിയാർ നദീതടത്തിന്റെ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ |

ഡിവിഷൻ, മലപ്പുറം 07/12/2017 ന് ഇൻസ്പെക്ഷൻ നടത്തി നൽകിയ റിപ്പോർട്ടിൽ കഴിഞ്ഞ വർഷത്തിനുള്ളിൽ പുതിയതായി കേരളത്തിൽ നിന്നും അന്യസംസ്ഥാനങ്ങളിലേയ്ക്ക് ജലം കടത്തി കൊണ്ടു പോകുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

എന്നാൽ ഈ അടുത്ത കാലത്തായി പി.എ.പി.സിസ്റ്റത്തെ ധാരാപുരം താലൂക്കിലുള്ള ഉപ്പാർ ഡാമിന്റെ കനാലുമായി ബന്ധിപ്പിക്കുന്ന ഒരു ലിങ്ക് കനാൽ തമിഴ്നാട് ഏറ്റെടുത്ത് പൂർത്തീകരിച്ചതായി ജോയിന്റ് ഡയറക്ടർ, ജെ.ഡബ്ല്യു. ആർ. ഡിവിഷൻ, പാലക്കാട് സർക്കാരിനെ അറിയിച്ചിരുന്നു. കേരളത്തിന്റെ അറിവോ സമ്മതമോ ഇല്ലാതെയാണ് തമിഴ്നാട് ഈ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത് എന്നതിനാൽ പ്രസ്തുത പദ്ധതിയുടെ വിശദപദ്ധതി രേഖ (ഡി.പി.ആർ) ലഭ്യമാക്കണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

SD
31/01/2018

സെക്ഷൻ ഓഫീസർ